# കേരള സർവകലാശാല

നം.പി.ആർ.174/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആൻഡ് കംപ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എസ്.സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) കോഴ്സുകളുടെ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ജനുവരി 2018 ൽ നടത്തിയ (റഗുലർ) അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 17. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

ബോട്ടണി വിഭാഗം 2018 ഫെബ്രുവരി, ജൂൺ മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി പരീക്ഷാഫലം വെബ്സൈറ്റിൽ.

### സൂക്ഷ്മ പരിശോധന

2017 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ആഗസ്റ്റ് 2 മുതൽ 9 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ പുന:പരിശോധനാ വിഭാഗത്തിൽ (ഇ.ജെ I സെക്ഷൻ) ഹാജരാകേണ്ടതാണ്.

### പരീക്ഷാഫീസ്

2018 സെപ്റ്റംബർ 5 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (മേഴ്സി ചാൻസ് – 2010 സ്കീം), (പഴയ സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 13 വരെയും, 50 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും, 125 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും ഫീസ് അടയ്ക്കാം.

### യോഗ രജിസ്ട്രേഷൻ

കായിക പഠന വകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ പൊതു ജനങ്ങൾക്കായി മാസംതോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ആഗസ്റ്റ് മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി. രാജ പവലിയനിൽ

പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 8921507832/0471 – 2306485

## സ്പോട്ട് അഡ്മിഷൻ

എം.എഡ് ട്രെയിനിംഗ് കോളേജുകളിൽ 2018 – 19 അദ്ധ്യയന വർഷത്തെ എം.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ ആഗസ്റ്റ് 3,4 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ നടത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുമ്പായി അതാതു കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

മേയ് 2018 ൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 8, 9 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരം അതത് കോളേജുകളിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്.

## ടൈംടേബിൾ

2018 ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം – സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന് ആഗസ്റ്റ് 14 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി വിജയം, കോഴ്സ് കാലാവധി: ആറ് മാസം, സമയം: 5 PM മുതൽ 7 PMവരെ, ഫീസ്: 15000 രൂപ , അപേക്ഷാ ഫീസ്: 100 രൂപ, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ. അപേക്ഷാ ഫോറങ്ങൾക്കും വിശദവിവരങ്ങൾക്കും പി.എം.ജി യിലെ CACEE കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

തിരുവനന്തപുരം.
01.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ